'CORRUPTION, A CRIME AGAINST NATION'

ഭരണഭാഷ മാതൃഭാഷ

**വിജിലൻസ് ആൻഡ് ആന്റി കറപ്‌ഷൻ ബ്യൂറോ, തിരുവനന്തപുരം, പോലീസ് സൂപ്രണ്ട് (ഇൻ്റ ) ന്റെ നടപടിക്രമം**

**സാന്നിധ്യം : ഇ എസ് ബിജുമോൻ**

വിഷയം : വി.എ.സി.ബി - ജീവനക്കാര്യം - വി.എ.സി.ബി, കാസർഗോഡ് യൂണിറ്റ് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ താത്ക്കാലിക നിയമനം നൽകി ഉത്തരവാകുന്നത് - സംബന്ധിച്ച് .

പരാമർശം : 1. 02.12.2022 തീയതിയിലെ കാസർഗോഡ് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ PT/361/22 നമ്പർ കത്ത് .
2. 16.02.2023 തീയതിയിലെ കാസർഗോഡ് യൂണിറ്റ്, ഡി.വൈ.എസ്.പി.-യുടെ A-1969/2022/KSD നമ്പർ കത്ത്.

**ഉത്തരവ് നമ്പർ : A5-26708/2022/DVACB തീയതി. 08-03-2023**

കാസർഗോഡ് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ പരാമർശം 1 ലെ കത്ത് പ്രകാരം ലഭ്യമാക്കിയ ഉദ്യോഗാർത്ഥികളുടെ പട്ടികയിൽ നിന്നും വി.എ.സി.ബി, കാസർഗോഡ് യൂണിറ്റ്, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അഭിമുഖം നടത്തി പരാമർശം 2 പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പട്ടികയിൽ ക്രമ.നമ്പർ-3 ആയി ഉൾപ്പെടുത്തിയിട്ടുള്ള ശ്രീ.ശശി.കെ ( കലക്കര വീട്, കുറ്റിക്കോൽ(PO), കാസർഗോഡ്-671541) എന്ന ഉദ്യോഗാർത്ഥിയെ കെ.എസ്.എസ്.ആർ. 1958 ലെ ചട്ടം 10(b)(iii) ന് വിധേയമായി 13000-21080 ശമ്പളസ്കെയിലിൽ വിജിലൻസ് ആൻഡ് ആന്റി കറപ്‌ഷൻ ബ്യൂറോ, കാസർഗോഡ് യൂണിറ്റ് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവിൽ താൽക്കാലികമായി നിയമിച്ചിരിക്കുന്നു.

ടിയാൻ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ട് വർഷത്തിനുള്ളിൽ ഒരു വർഷത്തെ സേവന കാലയളവിൽ നിരീക്ഷണത്തിലായിരിക്കും.

ടിയാളുടെ സേവനം മുൻകൂർ അറിയിപ്പ് കൂടാതെ റദ്ദാക്കുന്നതിന് നിയമനാധികാരിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

ടിയാൾ നിയമന ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം വിജിലൻസ് ആൻഡ് ആന്റി കറപ്‌ഷൻ ബ്യൂറോ, കാസർഗോഡ്, ഡെപ്യൂട്ടി പോലിസ് സൂപ്രണ്ട് മുൻപാകെ താഴെ പറയുന്ന അസ്സൽ രേഖകളുമായി ജോലിക്ക് ഹാജരാകേണ്ടതാണ് .

1. വയസ്സ്, വിദ്യാഭ്യാസ യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ.
2. സ്വഭാവ സർട്ടിഫിക്കറ്റ് (ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത് )
3. അധാർ കാർഡ് /തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് /പാൻ കാർഡ് .
4. ഉദ്യോഗാർത്ഥിയുടെ ഫോട്ടോയും വിരലടയാളവും പതിച്ച ശാരീരിക ക്ഷമത തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്. (അസിസ്റ്റന്റ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയത് ).

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ നിയമാനുസൃതമല്ലാതെ നാമനിർദ്ദേശം ചെയ്തതായി തെളിയുന്ന പക്ഷം ബന്ധപ്പെട്ട വ്യക്തിക്ക് വിശദീകരണം നൽകാൻ ന്യായമായ

ഒരു അവസരം നൽകിയതിനു ശേഷം അപ്രകാരം നിയമനം ലഭിച്ച ഉദ്യോഗാർത്ഥിയെ ഉടൻ തന്നെ പിരിച്ചുവിടുന്നതായിരിക്കും. ആയതിനാൽ, ഇതു സംബന്ധിച്ച ഒരു സത്യവാങ്ങ്മൂലം ടിയാൻ ജോലിക്ക് ഹാജരാകുന്ന സമയത്ത് സമർപ്പിക്കേണ്ടതാണ് .

08-03-2023

ഇ എസ് ബിജുമോൻ,

പോലീസ് സൂപ്രണ്ട് ഇന്റലിജൻസ്

സ്വീകർത്താവ് : ശ്രീ.ശശി.കെ, കലക്കര വീട്, കുറ്റിക്കോൽ(PO), കാസർഗോഡ്-671541 ഫോൺ : 9496186693 (Registered post with A/D)

പകർപ്പ് : 1. വി.എ.സി.ബി, കോഴിക്കോട് ഉത്തരമേഖലാ പോലീസ് സൂപ്രണ്ടിന്റെ അറിവിലേയ്ക്ക്.

2.വി.എ.സി.ബി കാസർഗോഡ് യൂണിറ്റ്, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ അറിവിലേയ്ക്കും ആവശ്യമായ നടപടികൾക്കുമായി.

3.എസ്.എഫ്

4 കംപ്യൂട്ടർ സെക്ഷൻ/ വെബ് അഡ്മിൻ